## പതിനാലാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ.2270** **07.02.2019-ൽ മറുപടിക്ക്**

**നികുതിയടയ്ക്കാതെയുള്ള അനധികൃത സ്വർണ്ണ കച്ചവടം നിയന്ത്രിക്കാൻ നടപടി**

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. ഹൈബി ഈഡൻ | | ഡോ. ടി.എം. തോമസ് ഐസക്ക് (ധനകാര്യവും കയറും വകുപ്പ് മന്ത്രി) | |
| (എ) | നികുതിയടയ്ക്കാതെ അനധികൃതമായി സ്വർണ്ണ കച്ചവടം നടക്കുന്നതായ ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ പ്രസ്തുത അനധികൃത കച്ചവടം നിയന്ത്രിക്കുന്നതിന് എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളത്; വിശദമാക്കാമോ; | (എ) | അനധികൃത സ്വർണ്ണ വ്യാപരത്തെക്കുറിച്ചുള്ള പരാതികൾ ലഭിക്കുന്നുണ്ട്. ചരക്ക് സേവന നികുതി നിയമപ്രകാരം പ്രതിവർഷം 20 ലക്ഷം രൂപയിൽ കൂടുതൽ വിറ്റുവരവുള്ള വ്യാപാരികൾക്കുമാത്രമേ രജിസ്ട്രേഷൻ എടുക്കുന്നതിന് നിയമപരമായ ബാധ്യത ഉള്ളൂ. രജിസ്ട്രേഷൻ എടുത്തിട്ടുള്ള വ്യാപാരികൾ ക്രയവിക്രയങ്ങളെ സംബന്ധിച്ച വിവരങ്ങൾ റിട്ടേൺ മുഖേന സമർപ്പിക്കേണ്ടതാണ്. പ്രസ്തുത വിവരങ്ങൾ പരിശോധന നടത്തി നികുതി ചോർച്ച ഇല്ലെന്ന് ഉറപ്പുവരുത്തുന്നു. കൂടാതെ വ്യാപാരികൾ വില്പന ഘട്ടത്തിൽ ബില്ല് കൊടുക്കുന്നുണ്ടോ എന്ന് ഉറപ്പ് വരുത്തുന്നതിലേക്കായി സംസ്ഥാനചരക്ക് സേവന നികുതി വകുപ്പിന്റെ ഇന്റലിജൻസ് വിഭാഗം ടെസ്റ്റ് പർച്ചേസ് മുഖേന പരിശോധനകൾ നടത്തിവരുന്നുണ്ട്. കൂടാതെ റെയിൽവേ സ്റ്റേഷൻ, ബസ്സ് സ്റ്റേഷൻ, ട്രാൻസ്പോർട്ട് ബസ്സുകൾ എന്നിവ കേന്ദ്രീകരിച്ചും യാത്രാ വാഹനങ്ങളിലും പരിശോധനകൾ നടത്തിവരുന്നുണ്ട്. ഇത്തരം കാര്യക്ഷമമായ പരിശോധനകളിലൂടെ നികുതിവെട്ടിപ്പിന്റെ പഴുതുകൾ ഇല്ലാതാക്കാൻ ശ്രമിച്ചു വരുന്നു. |
| (ബി) | സംസ്ഥാനത്ത് സ്വർണ്ണാഭരണ വില്പന രംഗത്ത് നികുതി നൽകിയുള്ള വ്യാപാരം പ്രോത്സാഹിപ്പിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ? | (ബി) | വിൽക്കപ്പെടുന്ന സാധനങ്ങൾക്ക് ബിൽ നൽകുന്നതിന് വ്യാപാരികൾ നിയമപരമായി ബാധ്യസ്ഥരാണ്. വ്യാപാരികൾ വില്പന ഘട്ടത്തിൽ ബില്ല് കൊടുക്കുന്നുണ്ടോ എന്ന് ഉറപ്പ് വരുത്തുന്നതിലേക്കായി ഇൻറലിജൻസ് വിഭാഗം ടെസ്റ്റ് പർച്ചേസ് മുഖേന |

| | | | |
|---|---|---|---|
| | | | പരിശോധനകൾ നടത്തിവരുന്നുണ്ട്. കൂടാതെ ഉപഭോക്താക്കൾ ബിൽ നിർബന്ധമായും ചോദിച്ച് വാങ്ങുകയെന്ന പ്രവണത പ്രോൽസാഹിപ്പിക്കുന്നതിന് വേണ്ടി വാർത്താ മാധ്യമങ്ങളിലൂടെ ആവശ്യമായ ബോധവൽക്കരണ നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ